**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 422** **27.09.2016-ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

| ചോദ്യം | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി :** | |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) മാർച്ച് 2017 ഓടു കൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ എസ് ഇ ബി എൽ ഉം നടത്തിയിട്ടുണ്ട്. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിക്കുന്നതിനായുള്ള സംവിധാനവും കെ എസ് ഇ ബി ഏർപ്പെടുത്തിയിരുന്നു. ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ ഗുണഭോക്താക്കളുടെ കരട് പട്ടിക 09.09.2016ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്റ്റംബർ മാസം അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനും ആണ് ലക്ഷ്യമിടുന്നത്. |

(ബി) പദ്ധതിയുടെ ഗുണം ലഭിക്കണമെങ്കിൽ വീടിന് നമ്പർ നിർബന്ധമാണെന്നിരിക്കെ വിവിധ കാരണങ്ങളാൽ വീട്ടു നമ്പർ ലഭിക്കാത്തവർ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

(ബി) & (സി) 100 ച.മീറ്റർ വരെ വിസ്തൃതിയുള്ള വാസ ഗൃഹങ്ങൾക്ക് അവ ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിലാണെങ്കിൽ പോലും താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം നൽകി തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർട്ടിഫിക്കറ്റ് വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിക്കുവാൻ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിലാണെങ്കിൽ പോലും 100ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് അതാത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതിനുള്ള ഉത്തരവ് കെ എസ് ഇ ബി ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

Hemalatha

**സെക്ഷൻ ഓഫീസർ**